കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനാലാം സമ്മേളനം

1986 ഡിസംബർ 30, ചൊവ്വാഴ്ച

വാല്യം LXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1986 ഡിസംബർ 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ—അടിയന്തിര ചോദ്യം

അടിയന്തിര ചോദ്യം നമ്പർ 2

അമിതവേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ നടപടി

[*2] ശ്രീ. ടി കെ. ഹംസ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമിതമായവേഗത്തിൽ വാഹനങ്ങൾ ഓടിച്ചത് നിമിത്തം 23-12-1986-ൽ കോഴിക്കോട്ടേരിയിലുണ്ടായ റോഡപകടത്തിൽ എട്ടുപേർ മരണമടയുകയും നിരവധിപേർക്ക് ഗുരുതരമായ പരിക്ക് പറ്റുകയും ചെയ്ത സംഭവം കണക്കിലെടുത്ത് അമിതവേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ ഗവൺമെൻറ് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): അമിത വേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നത് തടയുന്നതിനുവേണ്ട നിയമങ്ങൾ മോട്ടോർ വാഹനനിയമത്തിലും കേരള മോട്ടോർ വാഹന ചട്ടങ്ങളിലും അടങ്ങിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും മോട്ടോർ വാഹന വകുപ്പു നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. അതിൻപ്രകാരം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെൻറും പോലീസ് ഡിപ്പാർട്ടുമെൻറുമായി യോജിച്ച് നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും അമിതവേഗത്തിൽ ഓടിക്കുന്ന വാഹനങ്ങൾ തടഞ്ഞു നിർത്തി മിന്നൽ പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും സ്പീഡ് നിയന്ത്രണ ഉപകരണങ്ങൾ ഘടിപ്പിക്കുന്നത് നിർബന്ധമാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പിൻ കീഴിലുള്ള ഫ്ളയിംഗ് സ്ക്വാഡുകൾ ശക്തിപ്പെടുത്തി വാഹനങ്ങൾ മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സ്പീഡ് ലിമിറ്റുകൾ ഉപയോഗിക്കാനും ഡ്രൈവേഴ്സിന് തക്കതായ ട്രെയിനിംഗ് കൊടുക്കുവാനും തുടങ്ങിയിട്ടുണ്ട്.

ശ്രീ. ടി. കെ. ഹംസ: നാഷണൽ ഹൈവേയിലാണ് സാധാരണ റോഡ് പകടങ്ങൾ കൂടുന്നത്. കുറച്ചു വീതിയും നല്ല റോഡുമായതുകൊണ്ട് നാഷണൽ ഹൈവേയിൽ സ്പീഡ് കൂടുതൽ കൂടിയിട്ട് അപകടങ്ങൾ ഉണ്ടാകുന്നു എന്ന് ഗവൺമെന്റിനു ബോദ്ധ്യം വന്നിട്ടുണ്ടോ; അത് നിയന്ത്രിക്കുന്നതിന് മൊബൈൽ കോടതികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് കർശനമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: നാഷണൽ ഹൈവേയിൽ എന്നു മാത്രമല്ല ഈയടുത്തകാലത്ത് നമ്മുടെ സംസ്ഥാനത്തു വാഹനങ്ങളുടെ എണ്ണം പെരുകുകയും ഡ്രൈവർമാർ അലക്ഷ്യമായി വാഹനം ഓടിക്കുകയും ചെയ്യുന്നതുകൊണ്ട് കൂടുതൽ വാഹന അപകടം ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വാഹനഅപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റു തലത്തിൽ വളരെ വിശദമായ ഒരുപഠനം നടത്തുന്നതിന് കാബിനറ്റ് തീരുമാനം എടുത്തിട്ടുണ്ട്. വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡയറക്ടർ ജനറൽ ഓഫ് പോലീസിനോടും ട്രാൻസ്പോർട്ട് കമ്മീഷണറോടും ആവശ്യപ്പെട്ടിട്ടുണ്ട്. മൊബൈൽ കോടതികൾ കൂടുതൽ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ച് പറയേണ്ട കാര്യമാണ്.

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമല ദർശനം കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ എസ്കോർട്ട് വന്നിരുന്ന പോലീസ് വാഹനം മറ്റൊരു വാഹനത്തിലിടിച്ചു കേടു പറ്റുകയും പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വാഹനം അതിവേഗത്തിൽ ഓടിച്ചതുകൊണ്ട് അതിനൊപ്പമെത്താനുള്ള മൽസരം നടത്തിയതുകൊണ്ടല്ലേ ഈ അപകടം ഉണ്ടായത്? ഇങ്ങനെയാണ് ഇത് സംഭവിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായിട്ടുണ്ടോ? ഏതെങ്കിലും അവസരത്തിൽ ഈ ഓവർസ്പീഡിന് മന്ത്രിമാരുടേയോ മുഖ്യമന്ത്രിയുടേയോ പേരിൽ വല്ല നടപടിയും എടുക്കാൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ഇങ്ങനെയുള്ള ഒരു പരാമർശം ശരിയല്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിർത്തിയിട്ടിരുന്ന ഒരു കെ. എസ്. ആർ. ടി. സി. ബസ്സിൽ ഒരു വളവു തിരിഞ്ഞു വരുന്ന അവസരത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൈലറ്റ് കാർ ചെന്ന് ഇടിച്ചത്. അതിനെ സംബന്ധിച്ച് എനിക്ക് കൂടുതലായിട്ടൊന്നും പറയാനില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ചോദ്യത്തിൽ പറയുന്ന 'അതിവേഗതയുടെ ഫലമായുണ്ടായ കേച്ചേരി അപകടത്തിൽ എന്നതിൽ അതിവേഗതയുടെ ഫലമായല്ല അപകടം സംഭവിച്ചത്. അതുപോലെ എട്ടു പേരല്ല ഒൻപതുപേർ ഇതിനകം മരണമടഞ്ഞുകഴിഞ്ഞു. മൂന്നുപേർ ഉടൻ മരിക്കുന്ന സ്ഥിതിയിലാണ്. ആ റോഡ് ഉണ്ടാക്കിയതിനുശേഷം ഡെവലപ്പുചെയ്തിട്ടില്ല. ഗുരുവായൂർ—കൈപ്പറമ്പു ദേശീയപാതയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കേന്ദ്ര റിസർവ്വ് ഫണ്ട് സഹായം കൊടുത്തു. ഈ ഗവൺമെൻറ് ആ സഹായം ഉപേക്ഷിച്ചു. ആ റോഡ് പണിയേണ്ട എന്നു വച്ചു. കൈപ്പറമ്പുവരെ വളരെ വീതികൂടിയ റോഡ് ഉണ്ട്. അതിനുശേഷം വാഹനങ്ങൾക്ക് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കൊല്ലത്തിൽ മൂന്ന് അപകടംവീതം അവിടെ വരുന്നുണ്ട്. ശരാശരി 18/20 പേർ മരിച്ചിട്ടുണ്ട്, കഴിഞ്ഞ കൊല്ലങ്ങൾ ആകെയെടുത്താൽ. ഇതുപോലെ മരണക്കെണി വേറെയില്ല. ആളെക്കൊല്ലുന്നതിനുവേണ്ടി ഈ സർക്കാർ മനപ്പൂർവ്വം ചെയ്ത ഈ മരണക്കെണി ഒഴിവാക്കാൻവേണ്ടി ആ റോഡ് ഡെവലപ്പ് ചെയ്യുന്നതിന് തയ്യാറാകുമോ? വിശേഷിച്ച് നമ്മുടെ മുഖ്യമന്ത്രി എപ്പോഴും പോകുന്ന റോഡാണ്. അദ്ദേഹത്തിന് എന്തെങ്കിലും പറ്റുമോയെന്ന് എനിക്ക് ഭയമാകുന്നു. ആ റോഡ് ഡെവലപ്പു ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും നടപടിയെടുക്കാൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: റോഡപകടങ്ങൾ ഉണ്ടാകുന്നത് ഡ്രൈവർമാരുടെ അശ്രദ്ധമായ ഡ്രൈവിംഗ് കൊണ്ടു മാത്രമല്ല. റോഡുകളുടെ അപാകതകളുമുണ്ട്. സ്വകാര്യബസ്സുകൾ തമ്മിലുള്ള മൽസരഓട്ടം അപകടം വരുത്തിവയ്ക്കുന്നുണ്ട്. ട്രക്കുകൾ, ടെമ്പോ വാനുകൾ ജീപ്പുകൾ തുടങ്ങിയവ വളരെ കൂടിയിട്ടുണ്ട്. അതിന് പ്രധാന കാരണം സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി ധാരാളം ചെറുപ്പക്കാർ സ്വന്തമായി വാഹനങ്ങൾ സ്വായത്തമാക്കിയിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ പിടിക്കുന്നതിനുവേണ്ടി അങ്ങനെ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുള്ള മൽസരത്തിനിടയിലും, അത്യാഹിതങ്ങൾ ഉണ്ടാകുന്നുണ്ട്. തൃശ്ശൂർ-കുന്നംകുളം റോഡ് നാഷണൽ ഹൈവേ 17 എ ആയിട്ടു പ്രഖാപിച്ചിരുന്നു. 25 മീറ്റർ വീതിയാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇടക്കാലത്തുവച്ച് തൃശ്ശൂർ—കുന്നംകുളം റോഡ് 'നാഷണൽ ഹൈവേ 17 (എ)' എന്നുള്ള പ്രൊപ്പോസൽ ഡ്രോപ്പ് ചെയ്തിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഏതായാലും തുടങ്ങിവച്ച പണികൾ പൂർത്തിയാക്കാൻ കഴിയാതെ തൃശ്ശൂർ—കുന്നംകുളം നാഷണൽ ഹൈവേയുടെ പണി നിർത്തിവച്ചിട്ടുണ്ട്. അത് അപൂർണ്ണമായി കിടക്കുകയാണ്. നമ്മളെല്ലാം അതിലെ സഞ്ചരിക്കുന്നവരാണ്. പല സ്ഥലങ്ങളിലും പാലങ്ങൾ വീതി കുറവുണ്ട്. റോഡിൻെറ തന്നെ പല ഭാഗങ്ങളും വീതി കുറഞ്ഞതായുണ്ട്. തൃശ്ശൂർ—കുന്നംകുളം റോഡിലെ അത്തരം ഭാഗങ്ങളിലാണ് കൂടുതലായി റോഡപകടങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുള്ളത്. കഴിഞ്ഞ ശബരിമല മണ്ഡലപൂജക്കാലത്തു ഏതാണ് 27—ഓളം വാഹന അപകടങ്ങൾ ഉണ്ടായിട്ടുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിൽ ഒരെണ്ണം കെ. എസ്. ആർ. ടി. സി. ബസ് മറിഞ്ഞതുമൂലമുണ്ടായതാണ്. ബാക്കിയുള്ളതെല്ലാം മലപ്പുറം, പാലക്കാട്, കോഴിക്കോട്, മാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വരുന്ന ടെമ്പോ വാനുകളും ജീപ്പുകളും ട്രക്കുകളും തമ്മിലിടിച്ചോ അല്ലെങ്കിൽ സ്വയം മറിഞ്ഞോ ഒക്കെയാണ് അപകടങ്ങൾ ഉണ്ടായിട്ടുള്ളത്. ഏതായാലും നോർത്തേൺ റീജണൽ ആർ. ടി. ഒ. മാരുടെ ഒരു കോൺഫറൻസ് ഇന്നു നടക്കുകയാണ്. ഇതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ആ പ്രദേശങ്ങളിൽ ആവശ്യമായ വാഹന നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് വേണ്ട നടപടികൾ ഗവൺമെൻറ് സത്വരമായി ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ഈ സംസ്ഥാനത്തിലെ മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളിൽ വെറുതെ സ്റ്റിയറിംഗ് പിടിക്കുകയെന്നു ള്ളതുമാത്രം പഠിപ്പിക്കുകയെന്നുള്ള ഏർപ്പാടു. മാത്രമേയ്ക്കുള്ളു. ഇൻഡ്യ യിൽ ഈ സംസ്ഥാനത്തും മറ്റ് സംസ്ഥാനങ്ങളിലും നോംസ് ആൻറ് ഗൈഡ് ലൈൻസ് വച്ച് ക്ലാസുകൾ എടുത്തു മോട്ടോർ ഡ്രൈവിംഗ് സ്കൂൾ നടത്താനുള്ള റെക്കഗ്നിഷൻ കൊടുത്തുകൊണ്ട്, അങ്ങനെ റെക്കഗ്നൈസ്ഡ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ മാത്രമേ പാടുള്ളു എന്ന ഒരു നിലപാട് ഉണ്ടാക്കുവാനായി ഈ സംസ്ഥാനത്തും കേന്ദ്ര ത്തോട് പറഞ്ഞ് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഏർപ്പാട് ചെയ്യുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: നമ്മുടെ സംസ്ഥാനത്ത് മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം കൊടുത്തതിനുശേഷമേ അവിടെ പഠിപ്പിക്കാൻ അനുവദിക്കാറുള്ളു. എൻെറ അറിവ് ശരിയാണെങ്കിൽ ഇൻഡ്യയിൽ ഏറ്റവും നല്ലനിലയിൽ ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം നമ്മുടെ സംസ്ഥാനത്താണ് നിലവിലുള്ളത്. ആദ്യമായി ലേണേഴ്സ് ലൈസൻസ് കൊടുക്കുന്നു. അതു കഴിഞ്ഞതിനുശേഷം ലൈറ്റ് വെഹിക്കിൾസ് ഓടിക്കാനുള്ള ലൈസൻസ് കൊടുക്കുന്നു. ഇത്രയും വർഷ ങ്ങളുടെ കാലപരിധി കഴിഞ്ഞതിനുശേഷമാണ് ഹെവി ഡ്രൈവിംഗിന് ലൈസൻസ് കൊടുക്കുന്നത്. എന്നാൽ ബോംബെ പോലുള്ള സ്ഥല ങ്ങളിൽ ആദ്യമായി ഡ്രൈവിംഗ് പഠിച്ചിറങ്ങുമ്പോൾതന്നെ ഹെവി ലൈസൻസ് കൊടുക്കുന്ന സമ്പ്രദായമാണുള്ളത്. ഇവിടെ സമയ പരിധി നിശ്ചയിച്ചുകൊണ്ട് ഇത്രയും കാലത്തെ പരിചയം നേടി ക്കഴിഞ്ഞതിനുശേഷമേ ഹെവി ലൈസൻസ് കൊടുക്കുന്ന സിസ്റ്റം നിലവിലുള്ളു. അത് വളരെ എഫക്ടീവായിട്ട് ഇവിടെ നടപ്പാക്കു ന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ എന്തെ ങ്കിലും അപാകതകൾ ഉണ്ടോയെന്നതിനെ സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറോട് അന്വേഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെടുന്നതാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: നമ്മുടെ സംസ്ഥാനത്തെ റോഡുക ളുടെ വളവുകൾ പ്രത്യേകിച്ച് എം. സി. റോഡ്, നാഷണൽ ഹൈവേ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ആ വളവുകൾ നിവർക്കാത്തതിൻെറ ഫല മായി ധാരാളം അപകടം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഗതാഗതവകുപ്പും പി. ഡബ്ലിയു. ഡി. യും യോജിച്ച് ഇതിനൊരു പ്രത്യേക മുൻഗണന നൽകി അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: വളവുകളിലെ അപകടങ്ങൾക്ക് വേറെ പല ഘടകങ്ങളുമുണ്ട്. ഈ വളവുകളിൽ കൂടി പോകുമ്പോൾ മദ്യം, സിനിമ തുടങ്ങിയ പല പരസ്യങ്ങളുടെയും ഹൈൻബോർഡുകൾ വച്ചിട്ടുണ്ട്. അങ്ങനെ വച്ചിരിക്കുന്ന സൈൻബോർഡുകൾ എടുത്തു മാറ്റുന്നതിനും കർവുകൾ, കയറ്റങ്ങൾ, ഇറക്കങ്ങൾ എന്നിവയെ സംബ ന്ധിച്ചുമൊക്കെ ഒഫീഷ്യലായിട്ട് സൈൻബോർഡുകൾ വയ്ക്കുകയും ചെയ്യുന്നതിനും വേണ്ടി മോട്ടോർ വാഹന ഡിപ്പാർട്ടുമെൻറും പോലീസ് ഡിപ്പാർട്ടുമെൻറും പി. ഡബ്ലിയു. ഡി. യും കൂടി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തവണ ശബരിമലയിലും ഇക്കാര്യത്തിൽ ഫല പ്രദമായ രീതിയിലുള്ള ജോയിൻറ് എഫർട്ട് നടത്താനാവശ്യമായ സംവി ധാനം ഏർപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: കേരളത്തിലുണ്ടായിട്ടുള്ള മോട്ടോർ വാഹന അപകടങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി പലപ്പോഴായിട്ട് പല കമ്മീഷനുകളെയും വച്ചിട്ടുണ്ട്. ആ കമ്മീഷനുകളും ഇത്തരം അപകടങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ട്. എന്നാൽ ഇന്നുവരെ ഗവൺമെൻറ് ആ ഒരു കമ്മീഷൻ റിപ്പോർട്ടും പരിശോധിച്ചിട്ടില്ല. ഈ കമ്മീഷൻ റിപ്പോർട്ടുകളൊന്നും ഗവൺമെൻറ് പരിശോധിച്ച് നടപടികളെടുത്തിട്ടില്ലെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? കേച്ചേരി അപകടത്തിൽ മരണത്തിന്റെ എണ്ണം കൂടുതലായതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുകയും ആ അന്വേഷണ കമ്മീഷന്റെ പരിധിയിൽ കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളും കുറയ്ക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനും അതിനുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസ് ഉൾപ്പെടുത്തുന്നതിനും ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വേലായുധൻ: കേച്ചേരി അപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് അറിയിക്കുന്നതാണ്. പല അപകടങ്ങളുമുണ്ടായതിനുശേഷമാണ് അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് റവന്യൂബോർഡിലെ അംഗങ്ങളെയോ, മറേറതെങ്കിലും എഞ്ചിനീയർമാരേയോ ചുമതലപ്പെടുത്താറുള്ളത്. അങ്ങനെ കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതികൊണ്ടുവരികയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. മോട്ടോർവാഹന ചട്ടത്തിൽ റൂൾ 259, 260, 261 തുടങ്ങിയവ ഭേദഗതിചെയ്തത് ഉണ്ടാക്കിയ ചട്ടങ്ങളാണ്. ഈ ചട്ടങ്ങളനുസരിച്ച്, വാഹനങ്ങൾ പരിശോധിക്കാൻ യൂണിഫോമിട്ട പോലീസ് സബ് ഇൻസ്പെക്ടേഴ്സ്, സെയിൽസ്ടാക്സ് ഓഫീസേഴ്സ്, അസിസ്റേറൻറ് സെയിൽസ്ടാക്സ് ഓഫീസേഴ്സ്, മജിസ്ട്രേട്ട്, ഡിസ്ട്രിക്ട് കളക്ടർ, മിനിസ്റേറർ തുടങ്ങിയ നിലയിലുള്ള ആളുകൾക്ക് എവിടെവച്ചും ഏതു സമയത്തും വാഹനങ്ങൾ പരിശോധിക്കുന്നതിനും യാത്രക്കാരെ പരിശോധിക്കുന്നതിനും അതിൽ കൊണ്ടുപോകുന്ന ചരക്കുകൾ പരിശോധിക്കുന്നതിനുമുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ട്. അതുപോലെ ചട്ടങ്ങൾ ഉണ്ടാക്കിയതും മോട്ടോർ ക്ലെയിംസ് ട്രൈബ്യൂണൽ ഉണ്ടാക്കിയതും മൊബൈൽ കോടതികൾ ഉണ്ടാക്കിയതുമെല്ലാം പല കമ്മീഷൻ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ്. അടുത്ത കാലത്ത് വാഹനങ്ങൾ പരിശോധിക്കുന്നതിന് പോലീസിനെക്കൂടി അധികാരപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതൊക്കെ പല കമ്മീഷൻ റിപ്പോർട്ടുകളുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് സ്റാറ്റ്യൂട്ടറി ഒബ്ലിഗേഷൻ നൽകിയ നടപടികളാണ്. നിർഭാഗ്യവശാൽ പലപ്പോഴും വാഹനങ്ങൾ പരിശോധിക്കുമ്പോൾ പല എതിർപ്പുകളും ആക്ഷേപങ്ങളും ആരോപണങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് പലപ്പോഴും പോലീസ് ഡിപ്പാർട്ടുമെൻറിലെയും മോട്ടോർ വാഹന ഡിപ്പാർട്ടുമെൻറിലെയും സെയിൽസ് ടാക്സിലെയും ഉദ്യോഗസ്ഥൻമാരുടെ ഒരാറാലിറ്റി നഷ്ടപ്പെടുന്ന തരത്തിലുള്ള പരാമർശനങ്ങൾ തന്നെ പലപ്പോഴും ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: മന്ത്രിമാർക്ക് ഇക്കാര്യം പരിശോധിക്കുവാനുള്ള പ്രത്യേകാധികാരമുണ്ടെന്നു പറഞ്ഞു. അതെന്താണെന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. പി. കെ. വേലായുധൻ: മോട്ടോർ വാഹന വകുപ്പിലെ റൂൾ 261 അനുസരിച്ച് All Sub-Inspectors, Sales tax and income tax Officers, Magistrates, District Collectors and Ministers can inspect the vehicles and goods. ഈ നിയമസഭയുടെതന്നെ അംഗീകാരത്തോടുകൂടി ഉണ്ടാക്കിയ ഭേദഗതിച്ചട്ടങ്ങളാണിത്.

ശ്രീ. ഒ. രാജൻ: ഒരു പൊതുവായ ധാരണയുള്ളത്, ഒരു ആക്സിഡന്റുണ്ടായാൽ അതിന്റെ മുഴുവൻ കാരണക്കാരനും അതിന്റെ ഡ്രൈവറാണെന്നാണ്. 'ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻതന്നെ' എന്ന ധാരണവച്ച് ഏതു വാഹന അപകടമുണ്ടായാലും കുറ്റവാളിയാകുന്നത് ഡ്രൈവറാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ ബസ്സുടമസ്ഥൻമാരുടെ നിർബന്ധത്തിനും സമ്മർദ്ദത്തിനും വഴങ്ങി അവർക്ക് ഇഷ്ടാനുസരണം റണ്ണിംഗ് ടൈം അനുവദിച്ച്, പരസ്പരം കഴുത്തറുപ്പൻ മത്സരങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ യഥേഷ്ടം അനുവദിക്കുന്നതുകൊണ്ടാണ് സാർവ്വത്രികമായി ഇത്തരം അപകടങ്ങൾ പെരുകുന്നത്. ഈ കാര്യം പരിഗണനയിലെടുത്ത് ശാസ്ത്രീയമായ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രം റൂട്ടുകളും റണ്ണിംഗ് ടൈമും അനുവദിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: തീർച്ചയായിട്ടും ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരത്തോട് യോജിക്കുന്നു. ഡിസംബർ 29-ാം തീയതി തൃശ്ശൂരിൽനിന്ന് പുറപ്പെടുവിക്കുന്ന മലയാളം എക്സ്പ്രസ്സിൽ ഇതിനെ സംബന്ധിച്ച വിശദമായ ഒരു റെറ്റർപ്പ് തന്നെ വന്നിട്ടുണ്ട്. അതിൽ ടൈം ഷെഡ്യൂൾ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും കൂടുതൽ കളക്ഷനുണ്ടാകുമ്പോൾ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും സഹകരണ ബസ്സുടമകൾ പ്രത്യേക ബാറ്റാ കൊടുക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ചും ഒക്കെ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഇൻസെന്റീവ് സ് ഡ്രൈവർമാർക്ക് കൊടുക്കുന്നുണ്ട്. അതുപോലെതന്നെ മുപ്പത്തിയഞ്ചു വയസ്സുകഴിഞ്ഞാൽ ഡ്രൈവർമാരെ സർവ്വീസിൽ വയ്ക്കുന്നില്ല. ചെറുപ്പക്കാരായ, കോംപിറ്റന്റ് സ്പിരിട്ടുള്ള ഡ്രൈവർമാരെ വയ്ക്കുകയും, റോഡുകളുടെ തകരാറുകൾ, അശ്രദ്ധയോടുകൂടിയുള്ള ഡ്രൈവിംഗ് തുടങ്ങിയ കാരണങ്ങൾ അപകടങ്ങൾക്ക് ഇടയാക്കുന്നു. ഏതായാലും ഒരുകാര്യം വളരെ വ്യക്തമാണ്. ഇക്കാര്യത്തിൽ ഞാൻതന്നെ അനുഭവസ്ഥനാണ്. പലപ്പോഴും ഡ്രൈവർമാർ വളരെ അശ്രദ്ധയോടുകൂടി വാഹനങ്ങൾ ഓടിക്കുന്നുണ്ട്, പ്രത്യേകിച്ച് ശബരിമല സീസണിൽതന്നെ അശ്രദ്ധയോടുകൂടി വാഹനങ്ങൾ ഓടിക്കുകയും ഓവർടേക്ക് ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് എനിക്കുതന്നെ അനുഭവം ഉള്ള കാര്യമാണ്. ഇക്കാര്യം പമ്പയിലും എരുമേലിയിലുമൊക്കെ ഞാൻ യാത്രചെയ്തിട്ടുള്ളപ്പോൾ മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടെക്കൊണ്ടുപോകുന്ന യാത്രക്കാരുടേയും തീർത്ഥാടകരുടേയും ജീവൻ തങ്ങളുടെ കയ്യിലാണെന്ന വിചാരംപോലുമില്ലാതെ ട്രക്കുകളും ടെമ്പോകളും ജീപ്പുകളുമൊക്കെ നിരുത്തരവാദപരമായി ഡ്രൈവർമാർ ഡ്രൈവിംഗ് നടത്തുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം ആളുകളെ സംബന്ധിച്ച് നമുക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനുമുമ്പുവരെ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക്, ശബരിമലയിൽ മാത്രമല്ല, വരുന്ന വാഹനങ്ങളെ മുൻകൂട്ടി പരിശോധിക്കുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. പക്ഷേ അതിനൊക്കെ റസിസ്റ്റൻസ് ഉണ്ടാകുകയും എതിർപ്പുകളും മതവികാരങ്ങളെ വ്രണപ്പെടുത്തുന്നു എന്നുള്ള വ്യാഖ്യാനങ്ങളും ഉണ്ടാകുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഇത്തരം പരിശോധനകളും നിറുത്തിവച്ചിരിക്കുകയാണ്. ഏതായാലും ഇത്തരം ദാരുണമായ സംഭവങ്ങളുണ്ടാകുമ്പോൾ ഇതിൻെറ ചുമതലകളിൽനിന്ന് ഗവൺമെൻറിന് മാറിനിൽക്കുവാൻ നിർവ്വാഹമില്ലാത്ത ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. തീർത്ഥാടക കേന്ദ്രങ്ങളിലേക്കായാലും ശരി, നാഷണൽ ഹൈവേയിലായാലും ശരി, സ്റ്റേറ്റ് ഹൈവേയിലായാലും ശരി, സഞ്ചാരസൗകര്യങ്ങളും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളരെ സ്ട്രിക്ടായിട്ടുള്ള ഒരു പരിശോധന ഏർപ്പെടുത്തുവാൻ ഡിപ്പാർട്ടുമെൻറ് നിർബന്ധിതമായിരിക്കുകയാണ്. ഇക്കാര്യത്തിൽ ഡ്രൈവർമാരും വാഹന ഉടമകളും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കെ. തോമസ്: റെഹറാഞ്ചുകളിലെ റോഡപകടങ്ങളും വളരെ ഭയാനകമാണ്. എൻെറ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്തു വർഷത്തിനകം ഉണ്ടായ റോഡപകടങ്ങളിൽക്കൂടി ഏതാണ്ട് എഴുപതിൽപ്പരം പേർ മരിക്കുകയും അഞ്ഞൂറിൽപ്പരം പേർ നിത്യരോഗികളായി മാറുകയും ചെയ്തു. കൊടും വളവുകളും നിയന്ത്രണംവിട്ട വാഹനങ്ങളുടെ കുതിച്ചുപായലും ആണ് ഈ അപകടങ്ങൾക്കു കാരണം. ഇതിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ വയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ഈ ഭയാനകമായ അവസ്ഥയുടെ മാറ്റത്തിന് ആവശ്യമായ സത്വരനടപടികളും സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഇതിനുവേണ്ടി നമ്മുടെ പൊതുമരാമത്തുവകുപ്പിൽത്തന്നെ വളരെ മിടുക്കൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാരുണ്ട്. ഒരു പ്രത്യേക കമ്മീഷനെ നിയമിച്ചുകൊണ്ട് റോഡുസർഫസിനെക്കുറിച്ച് പഠിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: വാഹന അപകടങ്ങളുടെ പ്രധാന കാരണങ്ങളും, വാഹനങ്ങളുടെ തകരാറ്, ഡ്രൈവറുടെ അശ്രദ്ധ, ഓവർ സ്പീഡ് ഇങ്ങനെ പലതാണ്. ഇതൊക്കെ പരിശോധിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങളും വളരെ അപര്യാപ്തമാണ്. ഒരു മിന്നൽ പരിശോധന നടത്തുന്നതിനുള്ള സ്ക്വാഡുകളെ വച്ച്, നിയമപ്രകാരം അധികാരം കൊടുക്കണം. നമ്മുടെ സംസ്ഥാനത്തെ ഇത്തരം തകരാറുകളും പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കി, പരിശോധന നടത്തി, കർശനമായി ശിക്ഷിക്കുവാനുള്ള ഒരേർപ്പാട് ഉണ്ടാക്കുകയും ചെയ്താൽ അപകടങ്ങളും കുറെയൊക്കെ ഒഴിവാക്കാൻ സാധിക്കും. അങ്ങനെയുള്ള സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: കൂടുതൽ മിന്നൽ പരിശോധന നടത്തുന്നതിനുവേണ്ടി ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിലെ സ്കാഡുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മൂന്നു ഡപ്യൂട്ടി റീജിയണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകൾക്കു പകരം നാലു ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളാക്കി ഇപ്പോൾ മാറ്റിയിട്ടുണ്ട്. അതുപോലെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിലെ സ്കാഡുകളെയും ശക്തിപ്പെടുത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, അതിവേഗത്തിൽ ഓടിക്കുന്നത് നിയന്ത്രിക്കുവാൻ ആവശ്യമായ പല നടപടികളും ഉണ്ടെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് അതിവേഗത്തിൽ വാഹനങ്ങൾ ഓടിച്ചു എന്നതിന്റെ പേരിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്? ആ കേസുകളിൽ അതിവേഗതയിൽ ഓടിച്ചതാണെന്നുള്ള എന്തെങ്കിലും കേസുകളിൽ ശിക്ഷിച്ചിട്ടുണ്ടോ; ഇവിടെ അതിവേഗത്തിൽ വാഹനങ്ങൾ ഓടിക്കുകയും അതിനെത്തുടർന്ന് നിരവധി അപകടങ്ങളും മരണങ്ങളും സംഭവിക്കുകയും ചെയ്തതിൽ നമ്മുടെ മന്ത്രിമാരുടെ വാഹനങ്ങളും ഉൾപ്പെടുന്നുണ്ട്. അത്തരം മന്ത്രിമാരുടെയോ പോലീസ് ഉദ്യോഗസ്ഥൻമാരുടെയോ വാഹനങ്ങൾമൂലം അപകടങ്ങൾ ഉണ്ടാവുകയോ മരണപ്പെടുകയോ ചെയ്തതിനെത്തുടർന്ന് വാഹന ഉടമസ്ഥരുടെ പേരിലോ മന്ത്രിമാരുടെ പേരിലോ ഡ്രൈവർമാരുടെ പേരിലോ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; അത്തരം ആളുകളുടെ പേരിൽ നടപടിയെടുക്കുവാൻ വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. പി.കെ. വേലായുധൻ: അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. വിവരം ശേഖരിച്ച് മറുപടി തരുന്നതാണ്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധാരാളം അപകടങ്ങൾ ഉണ്ടാകുന്നത് വേഗതകൊണ്ടും മറ്റു പല കാരണങ്ങൾകൊണ്ടുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇന്ന് എല്ലാ വാഹനങ്ങളിലും വീഡിയോ ഫിറ്റ് ചെയ്തിട്ടുണ്ട്. വീഡിയോ ഇല്ലാത്ത വാഹനങ്ങൾ ഇന്ന് വളരെ വിരളമാണ്. വീഡിയോ ഇല്ലാത്ത വാഹനങ്ങളിൽ കയറാൻപോലും ആളുകൾ മടിക്കുന്നു, ഈ അടുത്ത ദിവസം എന്റെ വീടിനടുത്ത് ഒരു വാഹന അപകടമുണ്ടായി. രണ്ട് ബസ്സുകൾ തമ്മിൽ കൂട്ടിയിടിച്ചാണ് ആ അപകടമുണ്ടായത്. അതിൽ മുന്നിൽ പോയ ബസ്സിനകത്ത് വീഡിയോ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൊട്ടു പുറകിൽ വന്ന ബസ്സിലെ ഡ്രൈവറും മറ്റാളുകളും മുമ്പിൽ പോയ ബസ്സിലെ വീഡിയോവിഷൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ പോയപ്പോൾ മുമ്പിൽ പോയ ബസ് ബ്രേക്ക് ചെയ്തപ്പോൾ പുറകിൽ പോയ ബസ് അതിൽച്ചെന്നിടിച്ചു. ഇതിന് ചെയ്യേണ്ടത് മുമ്പിൽ പോകുന്ന ബസ്സിൽ വീഡിയോ വച്ചാൽ പുറകിൽ പോകുന്ന ബസ്സിലിരിക്കുന്ന ആളുകൾ കാണാതിരിക്കുന്നതിനുള്ള മറ കൃത്യമായി വയ്ക്കാനുള്ള നിബന്ധന ഗവൺമെന്റ് വയ്ക്കുകയാണ്. അതിന് വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: പാസഞ്ചർ സ്റ്റേറ്റ് ഗ്യാരേജിൽ വീഡിയോ വയ്ക്കുന്ന സമ്പ്രദായമില്ല. കോൺട്രാക്ട് ഗ്യാരേജിൽ ആണ് വീഡിയോ വയ്ക്കുന്ന സംവിധാനമുള്ളത്. അവയിൽ വീഡിയോ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്നുമുണ്ട്. അത് ഇപ്പോൾ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിന്റെ ഭാഗമായി ഇൻഡ്യാ ഗവൺമെന്റ് ചട്ടങ്ങളിൽ ഉണ്ടാക്കിയ ഭേദഗതികളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ സംവിധാനമുണ്ടാക്കിയിട്ടുള്ളത്. നമ്മുടെ ഒറിജിനൽ ചട്ടങ്ങളിൽ ഇത്തരം വ്യവസ്ഥകളില്ല. ടൂറിസം പ്രൊമോഷന്റെ ഭാഗമായിട്ടാണ് ഇങ്ങനെ കുറെ സൗകര്യങ്ങളും കോൺട്രാക്ട് ഗ്യാരേജിൽ കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മുമ്പിൽ പോകുന്ന വാഹനത്തിലെ വീഡിയോ നോക്കിക്കൊണ്ട് വണ്ടി ഓടിക്കുന്ന ഡ്രൈവറുടെ അശ്രദ്ധകൊണ്ടാണ് അപകടമുണ്ടാകുന്നത്. .

ശ്രീമതി കെ. ആർ. ഗൗരി: ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിന് ഒരുപാട് പേർക്ക് അധികാരങ്ങളും കൊടുത്തു. ആ കൂട്ടത്തിൽ മന്ത്രിമാർക്കും കൊടുത്തതായി ഇവിടെ പറഞ്ഞു. ഈ മന്ത്രിമാർ ഏതെങ്കിലും വാഹനങ്ങളും പരിശോധിച്ച് അപകടമൊഴിവാക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടോ; അല്ലെങ്കിൽ ഏതെങ്കിലും വാഹനങ്ങളും പരിശോധിച്ച് മറ്റു വിധത്തിലുള്ള കേസുകളും രജിസ്റ്റർ ചെയ്യുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ടോ; മന്ത്രിമാർക്കും അത് പരിശോധിക്കുവാനുള്ള അധികാരം കൊടുത്തിരിക്കുന്നു. ഈ അധികാരം നമ്മുടെ സംസ്ഥാനത്തിലെ ഏതെങ്കിലും മന്ത്രിമാർ ഉപയോഗിച്ചിട്ടുണ്ടോ; ഏതെങ്കിലും വാഹനങ്ങളും ഇവർ പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ ഓവർ സ്പീഡ് നിയന്ത്രിക്കുവാനും അപകടം ഒഴിവാക്കുവാനുമുള്ള എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; അല്ലെങ്കിൽ മറ്റു കള്ളക്കേസുകളിലെപ്പോലെ എന്തെങ്കിലും കേസുകളും രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: വാഹനങ്ങളിലെ ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സ്പീഡ് ലിമിറ്റർ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ ചിലത് കേടായിരുന്നത് റിപ്പെയർ ചെയ്തിട്ടുണ്ട്. ഡ്രൈവർമാർക്കു തക്കതായ പരിശീലനം കൊടുക്കുന്നുമുണ്ട്. അതുപോലെതന്നെ സ്വകാര്യ മേഖലയിലുള്ള കൊച്ചിൻ കോർപ്പറേഷൻ അതിർത്തിയിലുള്ള വാഹനങ്ങളിൽ സ്പീഡ് ലിമിറ്റർ വയ്ക്കണമെന്ന് ആർ. ടി. ഒ. മാരുടെ തീരുമാനമുണ്ടായിരുന്നു. ആർ. ടി. ഒ. മാരുടെ തീരുമാനം കോടതിയിൽ ചോദ്യം ചെയ്തു; സുപ്രീം കോടതിയിൽ വരെ പോയി. ഏതായാലും ഇപ്പോൾ സ്പീഡ് ലിമിറ്ററുകൾ വച്ചുകൊണ്ടിരിക്കുകയാണ്. ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി എന്ന നിലയ്ക്ക് ഞാൻ സഞ്ചരിക്കുന്ന അവസരത്തിൽ ഓവർ ലോഡ് കയറി വരികയും ഓവർ സ്പീഡിൽ ഓടിക്കുകയും ചെയ്യുന്ന വാഹനങ്ങളും ഞാൻ തടഞ്ഞു നിർത്താറുണ്ട്. അവയെ ഇൻസ്പെക്ട് ചെയ്യാറുമുണ്ട്. മോട്ടോർ വാഹന ചട്ടങ്ങളിലെ 261-ാം വകുപ്പനുസരിച്ച് എല്ലാ മന്ത്രിമാർക്കും അതിനധികാരമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓവർ ലോഡ് കയറി വരുന്ന ട്രക്കർ, ടെമ്പോ തുടങ്ങിയ വാഹനങ്ങളും 60—65 കി.മീറ്റർ വേഗതയിൽ കൂടുതൽ ഓടുകയാണെങ്കിൽ സാധാരണ ഞാൻ തടഞ്ഞു നിർത്തി പരിശോധിക്കാറുണ്ട്. ഞാൻ തന്നെ പരിശോധിച്ച് (വാഹനങ്ങളുടെ നമ്പർ ഓർമ്മയില്ല) കൊല്ലം, കോട്ടയം തുടങ്ങിയ ആർ. ടി. ഒ. മാർക്ക് റിപ്പോർട്ടു ചെയ്യുകയും അതനുസരിച്ച് വാഹന ഉടമകളെയും ഡ്രൈവർമാരെയും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly